LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ബി. സത്യൻ, പറയേണ്ട കാര്യങ്ങൾ പറഞ്ഞല്ലോ. വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയും.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള C-APT, 2012 മുതൽ പ്രിന്റിംഗിനുവേണ്ടി മെഷിനറി വാങ്ങിയതും ലോട്ടറി ടിക്കറ്റിൽ ബാർ കോഡിംഗ് നമ്പരിടുന്നതിനായി വേരിയബിൾ ഡാറ്റാ പ്രിന്റർ സ്വകാര്യ സ്ഥാപനത്തിൽനിന്നും വാടകയ്ക്ക് എടുത്തതുമായി ബന്ധപ്പെട്ട് വിഇ.03/14/എസ്.ഐ.യു. നമ്പരായി നടത്തിയ വിജിലൻസ് അന്വേഷണത്തിൽ താഴെപ്പറയുന്ന ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെ 4-12-2015-ൽ വിസി/08/15/എസ്.ഐ.യു.II നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. ശ്രീ. സജിത് വിജയരാഘവൻ, എം.ഡി, സി-ആപ്റ്റ്
2. ശ്രീ. വി. ജയഗോപാൽ, ഓഫീസർ ഇൻ-ചാർജ്, പർച്ചേസ് (മെറ്റീരിയൽ ഡിവിഷൻ), സി-ആപ്റ്റ്
3. ശ്രീ. പി. വി. ദിനേശൻ, മെമ്പർ, ടെണ്ടർ ഇവാല്യുവേഷൻ കമ്മിറ്റി
4. ശ്രീ. രാംകുമാർ ഗണേശൻ, മാനേജിംഗ് പാർട്ണർ, M/s. അൻസാല, ചെന്നൈ
5. ശ്രീ. പി.ബി. പ്രസാദ്, മാനേജിംഗ് ഡയറക്ടർ, M/s. എക്സ്പ്രസ് പ്രിന്റിംഗ് സൊല്യൂഷൻ ലിമിറ്റഡ്, ചെന്നൈ.

2015-16 വർഷത്തെ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടി സി-ആപ്റ്റ് പുറംകരാർ നൽകിയതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന അഴിമതി ആരോപണങ്ങളിന്മേൽ സെക്രട്ടേറിയറ്റ് ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. വിസി08/15/ എസ്.ഐ.യു.II നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സിന്റെ തീർപ്പിനനുസൃതമായി ഇക്കാര്യത്തിലും ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

11. കെ.എസ്.ഇ.ബി. മസ്ദൂർ തസ്തിക

ശ്രീ. കെ. ശിവദാസൻ നായർ: സർ, കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും പത്തനംതിട്ട ജില്ലയിലെ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ

ഉന്നയിക്കുന്നത്. തിരുവനന്തപുരം-179, കണ്ണൂർ-116, തൃശ്ശൂർ-382, എറണാകുളം-140, പാലക്കാട്-293, മലപ്പുറം-279, കോഴിക്കോട്-228 എന്നിങ്ങനെയാണ് മറ്റ് ജില്ലകളിൽ നിയമനം നടത്തിയിരിക്കുന്നത്. എന്നാൽ ലിസ്റ്റ് നിലവിൽ വന്ന് രണ്ടുവർഷം കഴിഞ്ഞതിനു ശേഷവും പത്തനംതിട്ട ജില്ലയിൽ വെറും രണ്ടുപേർക്ക് മാത്രമാണ് നിയമനം ലഭിച്ചിട്ടുള്ളത്. ഇലക്ട്രിക്കൽ സർക്കിൾ, പത്തനംതിട്ട 30-7-2015-ൽ ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തിട്ടുള്ള റിപ്പോർട്ടിൻപ്രകാരം 15 വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആ കത്തിന്റെ കോപ്പി എന്റെ കൈവശമുണ്ട്. മറ്റ് ജില്ലകളിലൊക്കെ പ്രൊമോഷൻ നടത്തി. ഈ ജില്ലയിൽ മാത്രമെ പ്രൊമോഷൻ നടത്താനുള്ളൂ. ഉദ്യോഗാർത്ഥികളുടെ പേര് ലിസ്റ്റിൽ വന്നതിനുശേഷം അവർക്ക് ജോലി ഇന്ന് കിട്ടും നാളെ കിട്ടും എന്നുപറഞ്ഞ് പ്രതീക്ഷിച്ചിരിക്കുകയാണ്. രണ്ട് വർഷം കഴിഞ്ഞു. ഒരു നിയമനവും അവിടെ നടക്കുന്നില്ല. ഈ ജില്ലയിൽ മാത്രം ഈ നിലയിൽ പോകുന്നത് ശരിയാണോ; അവിടെ ഈ ലിസ്റ്റിൽനിന്ന് മസ്ദൂർ തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, പത്തനംതിട്ട ജില്ലയിൽ ഇപ്പോൾ സാങ്ഷൻഡ് സ്ട്രെങ്ത് 225 ആണ്. എന്നാൽ അവിടെ 226 ആളുകളെ നിയമയിച്ചിട്ടുണ്ട്. രണ്ട് സെക്ഷനുകൾ പുതുതായി തുടങ്ങിയിട്ടുണ്ട്. ആ രണ്ട് സെക്ഷനുകളിലും കൂടി 12 വേക്കൻസികളുണ്ട്. അതിന്റെ സ്റ്റാഫ് സ്ട്രെങ്ത് ഫിക്സ് ചെയ്തുവന്നിട്ടില്ല. അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഡിസ്ട്രിക്ട് റിക്രൂട്ട്മെന്റ് ബോർഡ് (ഡി.ആർ.ബി.) ആണ് ഇവിടത്തെ നിയമനങ്ങൾ നടത്തുന്നത്. ആ ജില്ലയിൽ ഒഴിവ് വന്നാൽ മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. ബാക്കി ജില്ലയിലേക്ക് ഇവിടത്തെ ആളുകളെ നിയമിക്കാൻ കഴിയുകയില്ല. അതാണ് പി.എസ്.സി. അംഗീകരിച്ചിട്ടുള്ള തത്വം. ബാക്കി ജില്ലകളിലെ കണക്ക് ഇദ്ദേഹം പറഞ്ഞത് ശരിയാണ്. അതായത് അവിടെയൊക്കെ വേക്കൻസിയുള്ളത് ഫിൽ ചെയ്യുന്നുണ്ട് എന്നാണ് അതിന്റെ അർത്ഥം. ഏതായാലും 225 തസ്തികകളാണ് ഇപ്പോൾ സാങ്ഷൻഡായിട്ടുള്ളത്. എന്നാൽ ഒരു പോസ്റ്റ് ഇപ്പോൾ കൂടുതലാണുള്ളത്. രണ്ട് സെക്ഷനുകൾ പുതുതായി രൂപീകരിച്ചിട്ടുണ്ട്. അവിടെ 12 പോസ്റ്റുകൾ വരുന്നുണ്ട്. അതിന് ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ സാങ്ഷൻ കിട്ടിയിട്ടില്ല. അത് കിട്ടി കഴിഞ്ഞാലുടൻ നിയമിക്കുന്നതാണ്. പക്ഷെ, ഒരു തടസ്സമുള്ളത് സുപ്രീം കോടതിയിൽനിന്ന് വന്ന ഒരു വിധിയാണ്. ഇടുക്കി ജില്ല മുതൽ ഇങ്ങോട്ടുള്ള ജില്ലകളിൽ കോൺട്രാക്ടർമാരുടെ കീഴിൽ വർക്ക് ചെയ്തിരുന്ന ആളുകളെ റഗുലറൈസ് ചെയ്യണമെന്ന് പറഞ്ഞ് സുപ്രീം കോടതിയുടെ വിധി വന്നിട്ടുണ്ട്. ലേബർ കമ്മീഷണറോട് പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കാൻ പറഞ്ഞിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആ ആളുകളെ റഫലൈസ് ചെയ്ത് അവർക്ക് അപ്പോയിന്റ്മെന്റ് നൽകുന്നതുവരെ വേറെ ആരെയും നിയമിക്കാൻ പാടില്ലെന്നും ആ തസ്തികകൾ വേക്കന്റായി ഇടണമെന്നും ആ വിധിയിൽ പറഞ്ഞിട്ടുണ്ട്. ആ ഒരു തടസ്സമുണ്ട്. എന്നാലും ഒഴിവുള്ള സ്ഥലങ്ങളിൽ നിയമിച്ചുകൊണ്ടിരിക്കുകയാണ്. പത്തനംതിട്ട ജില്ലയോട് പ്രത്യേകമായ ഒരവഗണനയും ഉണ്ടായിട്ടില്ല. അവിടെ വേക്കൻസി ഇല്ലാത്തതുകൊണ്ടാണെന്നറിയിക്കുന്നു. എന്നാലും, ഈ 11 പേരെയും എങ്ങനെ നിയമിക്കാൻ കഴിയുമെന്ന് പരിശോധിച്ച് പരമാവധി നടപടികൾ കൈകൊള്ളുന്നതാണ്.

12. വനാവകാശ നിയമം

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, നമ്മുടെ വനാവകാശ നിയമത്തിന്റെ കാതൽ സാമൂഹ്യ വനാവകാശം നൽകുകയെന്നതാണ്. ആ സങ്കൽപ്പത്തെ അട്ടിമറിച്ചുകൊണ്ട് വ്യക്തിഗത അവകാശം നൽകുന്നതിനുള്ള നടപടികളുമായാണ് ഇപ്പോൾ സർക്കാർ മുമ്പോട്ടുപോയിക്കൊണ്ടിരിക്കുന്നത്. ഡിസംബർ മാസത്തിനകം ഈ നിയമം അനുശാസിക്കുന്ന വിധത്തിലുള്ള പ്രവൃത്തികൾ പൂർത്തീകരിക്കണമെന്നാണ് കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിക്കുന്നത്. ഈ സമയമായിട്ടും ഇതു സംബന്ധിച്ച് ജില്ലാ-പ്രാദേശിക തലത്തിൽ രൂപീകരിക്കേണ്ട സമിതികളുടെ രൂപീകരണം പൂർത്തിയായിട്ടില്ല. അത് പൂർത്തിയായാൽ മാത്രമെ ആദിവാസികൾക്ക് യഥോചിതം അപേക്ഷകൾ നൽകാനും ആ അപേക്ഷകളിന്മേൽ ഉപജില്ലാ സമിതികൾക്ക് അവരുടെ ശിപാർശകൾ മേൽത്തട്ടിലേക്ക് അയയ്ക്കാനും കഴിയുകയുള്ളൂ. ഡിസംബർ മാസം തീരാൻ പോകുകയാണ്. ആദിവാസികൾക്ക് വനഭൂമിയിലുള്ള അവകാശം സംരക്ഷിക്കുന്നതിനുവേണ്ടി ഒരു വലിയ ലക്ഷ്യത്തോടുകൂടി പാസ്സാക്കിയ നിയമം പ്രാവർത്തികമാക്കാതെ അട്ടിമറിക്കപ്പെടുന്നതുമൂലം ആദിവാസികളോടുള്ള ഒരു കടുത്ത വിവേചനമാണ് നാം കാണിക്കുന്നത്. അതവസാനിപ്പിച്ച് നിയമം അനുശാസിക്കുന്ന വിധത്തിലുള്ള പരിപാടികൾ നടപ്പിലാക്കാൻ സർക്കാർ ജാഗ്രത കാണിക്കണമെന്നാണ് ഈ സബ്മിഷിനിലൂടെ ഞാനഭ്യർത്ഥിക്കുന്നത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, 1-1-2008 മുതൽ ഈ നിയമം നടപ്പാക്കേണ്ടതാണ്. പക്ഷെ ആ കാലഘട്ടത്തിൽ ഇത് കൃത്യമായി നടപ്പാക്കാൻ സാധിച്ചിട്ടില്ല. ഞാൻ ആരേയും കുറ്റപ്പെടുത്തുന്നില്ല. ഊരുകൂട്ടങ്ങളടങ്ങുന്ന വനാവകാശ കമ്മിറ്റി, സബ് ഡിവിഷൻ കമ്മിറ്റി, ജില്ലാതല കമ്മിറ്റി എന്നീ സമിതികളാണ്

LIBRARY ARCHIVES Kerala Legislative Assembly